LIBRARY ARCHIVES Kerala Legislative Assembly

3. Sewarage
4. Ammusement Park
5. Fly over Bridges & Parking lots
6. Markets
7. Bus Terminals
8. Comfort Station
9. Parks, Town Beautification & Street light
10. Hoardings.

(ഡി) ഈ സംഗമത്തിൽ ഉദ്ദേശം 400-ൽപരം നിക്ഷേപകർ പങ്കെടുക്കുകയും ഇവരുടെ മുമ്പാകെ വിവിധ കോർപ്പറേഷൻ/നഗരസഭകൾ തയ്യാറാക്കിയ 6400 കോടി രൂപയുടെ 90 പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഈ സംഗമത്തിൽ വച്ച് 104 നിക്ഷേപകർ 4868.79 കോടി രൂപ നിക്ഷേപ സാധ്യതയുള്ള 80 പദ്ധതികൾ നടത്തുന്നത് സംബന്ധിച്ച് തുടർ ചർച്ചകൾ ആകാമെന്ന് ബന്ധപ്പെട്ട നഗരസഭകൾക്ക് ഉറപ്പു നൽകുകയുണ്ടായി. നിലവിൽ ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി സർക്കാർ പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായി M/s. KITCO-യെ നിയമിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 40 പദ്ധതികളുടെ സാധ്യതാ പഠന റിപ്പോർട്ടും ആർ.എഫ്.ക്യു.-വും തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു.

മലിനജലം സംസ്കരിക്കുവാൻ നടപടികൾ

83 (3367) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) ഏത് പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്ക് സഹായം നല്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. കൂടുതൽ നഗരങ്ങളിൽ മലിനജല സംസ്കരണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

(സി&ഡി) എ.ഡി.ബി. ധനസഹായത്തോടെയുള്ള കെ.എസ്.യു.ഡി.പി. പദ്ധതിയിലൂടെയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത്. പുതിയ നഗരങ്ങളിൽ എ.ഡി.ബി./കേന്ദ്ര സർക്കാർ ധനസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഇ) തിരുവനന്തപുരത്ത് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിച്ച് വരുന്നു. മലിനജല ശൃംഖലയുടെ പ്രവൃത്തി പുരോഗമിക്കുന്നു. കൊല്ലത്ത് മലിനജല ശൃംഖലയുടെയും പമ്പിംഗ് സ്റ്റേഷനുകളുടെയും പ്രവൃത്തികൾ പുരോഗമിക്കുന്നു. കൊച്ചിയിൽ മലിനജല ശൃംഖലകളുടെയും പമ്പിംഗ് സ്റ്റേഷനുകളുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഇവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. പ്ലാന്റിന്റെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

നഗരസഭകൾ രൂപീകരിക്കാൻ തീരുമാനം

84 (3368) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ കൂട്ടിച്ചേർത്ത് പുതിയ നഗരസഭകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly